4.	സദാനന്ദ പൈ, മട്ടന്നൂർ	–	19,269.20
5.	ഈസ്റ്റ് ഇൻഡ്യ ഓട്ടോ ഫ്യൂവൽ, പേരാവൂർ	–	28,321.00
6.	മാഞ്ചു ആന്റ് കമ്പനി, ഇരിട്ടി	–	40,426.00
7.	ഷക്കീർ എന്റർപ്രൈസസ്, ശ്രീകണ്ഠപുരം	–	32,292.00
8.	ശ്രീലക്ഷ്മി, ഇരിക്കൂർ	–	8,009.30
9.	ഉഷശ്രീ, കരുവഞ്ചാൽ	–	30,000.00
10.	ശ്രീമുത്തപ്പൻ, ചെറുപുഴ	–	21,098.00
11.	മലബാർ പ്രൊഡ്യൂസ് ഏജൻസി, പയ്യന്നൂർ	–	88,849.28
12.	റ്റി.കെ. ഫില്ലിംഗ് സ്റ്റേഷൻ, കൂത്തുപറമ്പ്	–	56,142.57
	ആകെ	–	**12,07,374.72**

കുടിശ്ശിക എത്രയും വേഗം കൊടുത്തു തീർക്കുന്നതാണ്.

(ഡി) ഇല്ല.

(ഇ) കണ്ണൂർ ജില്ലയിലെ ക്രമസമാധാന പ്രശ്ന നിയന്ത്രണത്തിന് ആവശ്യാനുസരണം വാഹനങ്ങൾ ഉപയോഗിച്ചു വരുന്നുണ്ട്.

വിജിലൻസ് ഡിപ്പാർട്ട്മെന്റിലെ ഡിവൈ.എസ്.പി.മാർ

100(1586)ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിജിലൻസ് ഡിപ്പാർട്ടുമെന്റിൽ മൂന്നു വർഷത്തിൽ കൂടുതലായി ഒരേ തസ്തികയിൽത്തന്നെ തുടരുന്ന ഡിവൈ.എസ്.പി.മാർ ആരെല്ലാം;

(ബി) ഇവർ ഇപ്പോൾ എത്ര വർഷമായി ഈ തസ്തികയിൽ തുടരുന്നു;

(സി) ഒരേ തസ്തികയിൽ എത്രകാലം ഒരു ഡിവൈ.എസ്.പിക്ക് തുടരാം;

(ഡി) ഒരാളെത്തന്നെ ഒരു തസ്തികയിൽ ദീർഘകാലം തുടരാൻ അനുവദിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) താഴെ പറയുന്ന ഏഴു പേരാണ്.

പേര്		തീയതി
1. ശ്രീ. കെ. പ്രഭാകരൻ നായർ	–	26.7.96
2. ശ്രീ. ടി.വി. കമലാക്ഷൻ	–	1.8.96
3. ശ്രീ. പി. വേലപ്പൻ നായർ	–	3.9.96
4. ശ്രീ. എം.പി. ദിനേശ്	–	9.9.96
5. ശ്രീ. കെ.ജെ. ദേവസ്യ	–	16.11.96
6. ശ്രീ. വിൽസൺ കെ. ജോസഫ്	–	18.11.96
7. ശ്രീ. കെ.ജെ. പൗലോസ്	–	27.11.96

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതു സംബന്ധിച്ച് ഒരു സമിതിയുടെ ശുപാർശ പ്രകാരം വിജിലൻസ് ബ്യൂറോയിലെ അന്വേഷണ ഉദ്യോഗസ്ഥരുടെ കുറഞ്ഞ സേവനകാലം മൂന്ന് വർഷമാണ്.

(ഡി) ഉദ്യോഗസ്ഥരുടെ ജോലി നിർവഹണത്തിലെ കഴിവ് പരിഗണിച്ചും അവരുടെ സേവനം ബ്യൂറോയ്ക്ക് ആവശ്യമായതിനാലും ബ്യൂറോയിൽ തുടരുന്നതിൽ അവർ തൽപ്പരരായതിനാലും ആണ് ഈ തസ്തികയിൽ തുടരാൻ അനുവദിക്കുന്നത്.

പോലീസ് അസോസിയേഷന്റെ ഭാരവാഹികൾ

101(1588) ശ്രീ. കെ. സുധാകരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1991-96 കാലയളവിൽ സംസ്ഥാന പോലീസ് അസോസിയേഷന്റെ ഭാരവാഹികൾ ആരെല്ലാമായിരുന്നു;

(ബി) ഈ ഗവൺമെന്റ് നിലവിൽവന്ന ശേഷം അവരിൽ ഓരോരുത്തരേയും എത്ര പ്രാവശ്യം വീതം സ്ഥലം മാറ്റി;

(സി) സ്ഥലം മാറ്റപ്പെട്ടവരിൽ എത്ര പേർ കോടതിയെ സമീപിച്ചു; ആരെല്ലാം;

(ഡി) ഇവരെ സ്ഥലം മാറ്റുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമായിരുന്നു;

(ഇ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഓരോ സ്റ്റേഷനിലും എത്രകാലം വീതം അവരെ ജോലി ചെയ്യാൻ അനുവദിച്ചിട്ടുണ്ട്?

ഉത്തരം

(എ) 1991-96 കാലത്ത് പോലീസ് അസോസിയേഷന്റെ ഭാരവാഹികളുടെ പേര് വിവരം താഴെ കൊടുക്കുന്നു.

പ്രസിഡന്റ്	-	ശ്രീ. ബാലകൃഷ്ണൻ പുതിയേടത്ത്
വൈ. പ്രസിഡന്റ്	-	ശ്രീ. എം.കെ. ജയദേവൻ
ജനറൽ സെക്രട്ടറി	-	ശ്രീ. കെ. ശ്രീകുമാർ
ജോയിന്റ് സെക്രട്ടറി	-	ശ്രീ. രാമകൃഷ്ണൻ
ട്രഷറർ	-	ശ്രീ. രാജേന്ദ്ര ബാബു

(ബി) ഈ ഗവൺമെന്റ് നിലവിൽ വന്നശേഷം അവരിൽ ഓരോരുത്തരേയും സ്ഥലം മാറ്റിയത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.†

(സി) കോടതിയെ സമീപിച്ചതായി അറിവില്ല.

(ഡി) മൂന്നുവർഷം തുടർച്ചയായി ഒരു സ്റ്റേഷനിൽ പ്രവൃത്തിയെടുത്തവരെ മറ്റു സ്റ്റേഷനിലേക്ക് മാറ്റി നിയമിക്കരുതെന്ന വ്യവസ്ഥയ്ക്ക് വിധേയമായും സ്ഥിരം മാറ്റത്തിന് വേണ്ടിയുള്ള അപേക്ഷയിൻമേലും ഭരണപരമായ

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly